# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 275** **10-12-2012-ൽ മറുപടിയ്ക്ക്**

## മോട്ടോർ വാഹനങ്ങളിൽ കറുത്ത ഗ്ലാസ്സ് ഉപയോഗിക്കുന്നവർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. മമ്മൂട്ടി :** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| **(എ)** മോട്ടോർ വാഹനങ്ങളിൽ കറുത്ത ഗ്ലാസ്സ്, കർട്ടൻ എന്നിവ ഉപയോഗിച്ച് വശങ്ങൾ മറയ്ക്കുന്നതിനെതിരെ പോലീസ് എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നു ; | **(എ)** ഇത്തരം നിയമ ലംഘകർക്കെതിരെ പോലീസ് പെറ്റി കേസുകൾ എടുത്ത് പിഴ ഈടാക്കുന്നുണ്ട്. |
| **(ബി)** സുപ്രീം കോടതി ഉത്തരവ് വന്നശേഷം ഇക്കാര്യത്തിൽ പിഴയിനത്തിൽ എന്ത് തുക ലഭിച്ചിട്ടുണ്ട് ; | **(ബി)** സുപ്രീം കോടതി ഉത്തരവ് വന്നതിനുശേഷം 14.10.2012 വരെ സംസ്ഥാനത്തൊട്ടാകെ 108901 പെറ്റി കേസുകൾ എടുക്കുകയും പിഴയിനത്തിൽ 1,11,29,570/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| **(സി)** പിഴയിട്ടശേഷവും, നിയമ ലംഘനം നടത്തുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാറുള്ളത് എന്ന് വ്യക്തമാക്കുമോ ; | **(സി)** ഇത്തരം കുറ്റകൃത്യങ്ങൾ പിഴയിട്ട ശേഷം ആവർത്തിച്ചാൽ നിയമാനുസരണം ചെക്ക് മെമ്മോ നൽകി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു വരുന്നു. |

| | |
|---|---|
| **(ഡി)** നിയമം ലംഘിക്കുന്ന സർക്കാർ വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ ; എങ്കിൽ പിഴ ഇനത്തിൽ എന്ത് തുക ഈടാക്കി എന്നും, എത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ? | **(ഡി)** നിയമം ലംഘിക്കുന്ന സർക്കാർ വാഹനങ്ങൾക്കെതിരെയും മോട്ടോർ വാഹന നിയമം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. സർക്കാർ വാഹനങ്ങളിൽ നിന്ന് ഇത്തരം നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ